


# സ്നേഹത്തിന്റെ മാധുര്യം

വാസു അരീക്കോട്

ഒരു കാട്ടിൽ ഒരു കുറുക്കനും കുരങ്ങനും ഉണ്ടായിരുന്നു. കാട്ടിലെല്ലാവർക്കും അവരെ നല്ല ഇഷ്ടമായിരുന്നു. എല്ലാവർക്കും വേണ്ട കാര്യങ്ങൾ അവർ ചെയ്തുകൊടുക്കും. ഒരു ദിവസം രണ്ടുപേരും കാട്ടിൽ നിന്നും ദൂരെ യാത്രയായി. ഉറ്റ സ്നേഹിതൻമാരായ അവർ രണ്ടുപേരും പഴങ്ങൾ പറിച്ചെടുത്ത് വയറുനിറച്ചു. അവസാനം ഒരു ചോലയുടെ കരയിലെത്തി. ചോലയിൽ മുങ്ങിക്കുളിച്ചും ചാടിക്കളിച്ചും അവർ നടന്നു. കുറച്ചുദൂരം ചെന്നപ്പോൾ ചോലയുടെ അരികിൽ ഒരു കാട്ടുപോത്ത് വേദനകൊണ്ട് പുളഞ്ഞ് കരഞ്ഞുകൊണ്ടിരിക്കുന്നു. രണ്ടുപേരും കൂടി കാട്ടുപോത്തിന്റെ കൊമ്പിൽ പിടിച്ച് ഒരുവിധം കരയിലേക്ക് വലിച്ചിട്ടു. കുരങ്ങനും കുറുക്കനും അതിനെ പരിശോധിച്ചു. കാട്ടുപോത്തിന്റെ ഒരു കാലിൽ നിന്നും ചോര വന്നുകൊണ്ടിരിക്കുന്നു.

കുരങ്ങൻ കാട്ടിലേക്ക് ഓടിപ്പോയി എന്തോ പച്ചമരുന്ന് പറിച്ചുകൊണ്ടുവന്നു. രണ്ടുപേരും കൂടി മരുന്ന് പുരട്ടി കാട്ടുവള്ളികൾ കൊണ്ട് കാലിൽ വരിഞ്ഞുകെട്ടി. കുരങ്ങനും കുറുക്കനും കാട്ടിലേക്ക് പോയി കുറെ പഴങ്ങൾ കൊണ്ടുവന്ന് കാട്ടുപോത്തിന്റെ വായിൽ വെച്ചു കൊടുത്തു.

ആർത്തിയോടെ കാട്ടുപോത്ത് തിന്നു വയറുനിറച്ചു. അപ്പോഴേക്കും വേദന കുറഞ്ഞതിനാൽ



ആപ്പിളിലടങ്ങിയിരിക്കുന്ന ആസിഡ്- മാലിക് ആസിഡ്

കാട്ടുപോത്ത് മെല്ലെ ചരിഞ്ഞ് ഇരുന്നു. കുരങ്ങനും കുറുക്കനും അവിടെത്തന്നെ നിന്ന് കാട്ടുപോത്തിനെ ശുശ്രൂഷിച്ചുകൊണ്ടിരുന്നു. രണ്ടുദിവസം കഴിഞ്ഞപ്പോഴേക്കും കാട്ടുപോത്തിന് സുഖമായി.

കാട്ടുപോത്തിനെ കാണാത്തതിനാൽ അതിന്റെ കൂട്ടുകാരും കുട്ടികളും തിരഞ്ഞു നടന്നു. അവസാനം എല്ലാവരും എത്തിപ്പെട്ടത് കാട്ടുപോത്തിന്റെയും കുറുക്കന്റെയും കുരങ്ങന്റെയും അടുത്താണ്. കാര്യങ്ങളൊക്കെ കാട്ടുപോത്ത് കൂട്ടുകാരോട് പറഞ്ഞു. എല്ലാവർക്കും നല്ല സന്തോഷമായി. അവർ കുരങ്ങനെയും കുറുക്കനെയും കാട്ടുപോത്തിന്റെ പുറത്തിരുത്തി ആരവങ്ങളോടെ അകമ്പടി സേവിച്ച് കാട്ടിനുള്ളിലേക്ക് നടന്നു





## പറക്കും മത്സ്യങ്ങളുടെ നാട്

വെസ്റ്റിൻഡീസിലെ ദ്വീപ് രാഷ്ട്രമായ ബാർബഡോസ് (Barbados) പറക്കും മത്സ്യങ്ങളുടെ നാട് എന്നാണറിയപ്പെടുന്നത്. ജലോപരിതലം ഭേദിച്ച് വായുവിലൂടെ മീറ്ററുകളോളം തെന്നിനീങ്ങാൻ കഴിവുള്ള ധാരാളം മത്സ്യ ഇനങ്ങൾ ഇവിടെയുണ്ട്.

ലാറ്റിൻ ഔദ്യോഗിക ഭാഷയായ ഏകരാജ്യം- വത്തിക്കാൻ